GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/06/2026

1. തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിന് കീഴിലുള്ള ആര്യംകോട്, ഒറ്റശേഖരമംഗലം, കള്ളിക്കാട്, അമ്പൂരി, വെള്ളറട, കുന്നത്തുകാൽ, പെരുങ്കടവിള, പെരുമ്പഴുതൂർ, കൊല്ലയിൽ എന്നീ കൃഷി ഭവനുകളിൽ തെങ്ങിൻതൈകൾ സബ്സിഡി നിരക്കിൽ ലഭ്യമാണ്. നാടൻ തെങ്ങിൻ തൈകൾ 50 രൂപ നിരക്കിലും, സങ്കരയിനം തൈകൾ 125 രൂപ നിരക്കിലും വില്പനയ്ക്ക് ലഭ്യമാണ് കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് ആര്യംകോട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അഖില ജി വി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7907752989 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം ഓണക്കാലത്ത് വിളവെട്ടുക്കുന്നതിനായി ചെണ്ട് മല്ലി തൈകൾ പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന പത്തനാപുരം, പിറവന്തൂർ, വിളക്കുടി, തലവൂർ, പട്ടാഴി, പട്ടാഴി വടക്ക്, പുനലൂർ എന്നീ കൃഷി ഭവനുകളിൽ നിന്ന് സൗജന്യമായി വിതരണം ചെയ്യുന്നതാണെന്ന് പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ രതീഷ് പി.ആർ അറിയിച്ചു.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ ജൈവരോഗ കീടനിയന്ത്രണ സൂക്ഷ്മാണുക്കളും ജീവാണുവളങ്ങളും വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറായിരിക്കുന്നു. രോഗനിയന്ത്രണത്തിന് സൂക്ഷ്മാണുക്കളായ സ്യൂഡോമോണാസ് ഫ്ലൂറസൻസ്, ട്രൈക്കോഡർമ വിരിഡെ എന്നിവ പൊടി രൂപത്തിലും ദ്രാവക രൂപത്തിലും ലഭ്യമാണ്. കീടനിയന്ത്രണോപാധികളായ ബ്യൂവേറിയ ബാസിയാന, ലെക്കാനിസിലിയം ലെക്കാനി, മെറ്റാറൈസിയം, പേസിലോമൈസസ് തുടങ്ങിയവ ലഭ്യമാണ്. ജീവാണുവളങ്ങളായ മൈക്കോറൈസ, ഫോസ്ഫറസ് ജീവാണുവളം, അസോസ്പൈറില്ലം എന്നിവയും ജൈവകീട രോഗ നിയന്ത്രണ കോമ്പി പായ്ക്കറ്റുകൾ, വെർമികമ്പോസ്റ്റ്, നീം ഗാർലിക് സോപ്പ് എന്നിവയും തയ്യാറാണ്. ആവശ്യക്കാർക്ക് വേണ്ട അളവിൽ

പായ്ക്ക് ചെയ്തു നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ബന്ധപ്പെടുക :- ഫോൺ : 9747238532, 0487 2699087.

4. കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയും കർഷകരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "പൾസസ് മിഷൻ". പയറുവർഗ്ഗ വിളകളുടെ മൂല്യവർധന ഉറപ്പാക്കുകയും, കൊയ്ത്തിന് ശേഷമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രോസസ്സിംഗ്&പാക്കേജിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. പയർ ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), സ്വയംസഹായ സംഘങ്ങൾ (SHG), പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ (PACS), ക്ലസ്റ്റർ ലെവൽ ഫെഡറേഷനുകൾ (CLF), വ്യക്തികൾ, രജിസ്റ്റർ ചെയ്ത സംഘടനകൾ എന്നിവർക്ക് ഈ പദ്ധതിക്ക് അപേക്ഷിക്കാം. ഗ്രൂപ്പ് വിഭാഗത്തിൽ അപേക്ഷിക്കുന്ന FPO, CLF, PACS തുടങ്ങിയ സ്ഥാപനങ്ങൾ കുറഞ്ഞത് രണ്ട് വർഷമായി പ്രവർത്തിച്ചു വരുന്നവരായിരിക്കണം. വ്യക്തിഗത വിഭാഗത്തിൽ അപേക്ഷിക്കുന്നവർക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം.

പദ്ധതിച്ചെലവിന്റെ കുറഞ്ഞത് 15 ശതമാനം സ്വന്തം വിഭവങ്ങളിൽ നിന്ന് കണ്ടെത്താനുള്ള സാമ്പത്തിക ശേഷി ഉള്ളവരും ആയിരിക്കണം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, വനിതകൾ, മലനിര മേഖലകൾ, ആസ്പിരേഷണൽ ജില്ലകൾ, PMDDKY പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്കും ഗ്രൂപ്പുകൾക്കും പ്രത്യേക പരിഗണന ലഭിക്കും. ഒരു യൂണിറ്റിന് പദ്ധതിച്ചെലവിന്റെ 33 ശതമാനം വരെ, പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. പൾസസ് മിഷൻ പദ്ധതിയിൽ ധനസഹായം ലഭിക്കാൻ ബാങ്ക് വായ്പ നിർബന്ധമായും എടുക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"കൂൺ കൃഷി"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 ജൂൺ 27** ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. ജൂലൈ 7 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ്

കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ജൂൺ** 27 മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487-2438566.